بسم الله الرحمن الرحيم

# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 22/01/2016

**(11 RABIUL AAKHIR 1437 HIJRI)**

**Hazrat Khalifathullah Munir Ahmad Azim (A)**

## “A LEADER FROM AMONG THE COMMUNITY OF MUHAMMAD” (PBUH) / മുഹമ്മദ് (സ) യുടെ സമുദായത്തിൽ നിന്ന് ഒരു നേതാവ്

സലാമിനു ശേഷം, ഹസ്രത് മുഹ്‌യിദ്ദീൻ (അ) തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹായ്ക്ക് ശേഷം മുഹമ്മദ് (സ) യുടെ സമുദായത്തിൽ നിന്ന് ഒരു നേതാവ് എന്ന വിഷയത്തെ അതികരിച്ചുള്ള പ്രഭാഷണം നടത്തി.

**“നിങ്ങളുടെ പിതാവ് ഇബ്‌റാഹീമിന്റെ മതത്തെ നിങ്ങൾ സ്വീകരിക്കുക. അവനാണ് (അല്ലാഹു) നിങ്ങൾക്ക് മുസ്ലീങ്ങൾ എന്ന് പേര് വച്ചിരിക്കുന്നത്.”** (22:79)

അല്ലയോ മുസ്ലീങ്ങളെ ! ഓർക്കുക, നമ്മൾ ഇബ്‌റാഹീം നബി (അ) ന്റെ വാഗ്ദത്ത സന്താനങ്ങളാണ്. നമ്മെ സംബന്ധിച്ച് അല്ലാഹു (ത) വളരെ വലിയ വാഗ്ദാനങ്ങൾ നൽകിയിട്ടുണ്ട്. അല്ലാഹു (ത) സമുദായങ്ങളിൽ വച്ച് ശ്രേഷ്ഠ സമുദായമായി നമ്മെ തെരഞ്ഞെടുത്തിട്ടുണ്ട്. ലോകാവസാനം വരേക്കും രാജപദവി പോലുള്ള താത്ക്കാലിക അനുഗ്രഹങ്ങൾക്കൊണ്ട് വികാസം പ്രാപിക്കുവാനുള്ള അവസരവും പ്രവാചകത്വ രൂപത്തിലുള്ള ആത്മീയ അനുഗ്രഹങ്ങളാൽ വളർച്ച പ്രാപിക്കുവാനുള്ള അവസരവും നമുക്ക് അല്ലാഹു പ്രദാനം ചെയ്തിരിക്കുന്നു. കാരണം നാം ഇബ്‌റാഹീം നബി (അ) ന്റെ സന്താന പരമ്പരയിൽപ്പെട്ടവരാണ്.

ഇബ്‌റാഹീം നബി (അ) ന്റെ സന്താനപരമ്പരയിൽപ്പെട്ട ഇസ്റായീൽ (യഅ്ഖൂബ് നബിയുടെ സന്താനങ്ങളിൽ) അവർ നല്ലവരായി വർത്തിച്ചിടത്തോളം കാലം അല്ലാഹു (ത) അവന്റെ വാഗ്ദാനം പാലിക്കുകയുണ്ടായി. അവർക്ക് രാജാധികാരവും പ്രവാചകത്വവും നൽകുകയുണ്ടായി. എന്നാൽ അവർ ദുർവൃത്തരായി തീർന്നപ്പോൾ, അല്ലാഹു (ത) തന്റെ പ്രകാശ സഞ്ചാരത്തെ (ഇബ്‌റാഹീം നബി (അ) നോട് അല്ലാഹു ചെയ്ത വാഗ്ദാനം ഉറപ്പായി ഇപ്പോഴും തുടരുന്നു) ആ അനുഗ്രഹത്തെ ഇസ്മായീൽ സന്താനപരമ്പരയിലേക്ക് മാറ്റി, പ്രപഞ്ചത്തിന്റെ കാരുണ്യമായ സകലജനതയുടെയും അനുഗ്രഹമായി, ദൈവീക ദൃഷ്ടാന്തമെന്ന നിലയിൽ ആരുടെ വരവിനെപ്പറ്റി വാഗ്ദാനം ചെയ്തുവോ അത് സംഭവിക്കുകയുണ്ടായി. കാത്തിരുന്ന പരിപൂർണ്ണ ദൂതൻ ഖാത്തമുന്നബിയ്യീനായി അവതരിച്ചു. ഇസ്ലാമിന്റെ സ്ഥാപകരായി, നമ്മുടെ പ്രിയ പ്രവാചകൻ മുഹമ്മദ് (സ) സമ്പൂർണ്ണ ദൈവീക ഗ്രന്ഥവുമായി അതായത് വിശുദ്ധ ഖുർ ആനുമായി വന്നു.

എല്ലാ ജനതക്കും അനുഗ്രഹമായി അവതരിച്ചതിനാൽ, പ്രവാചകന്മാരുടെ വാതിലുകൾ ഒരിക്കലും അടച്ചിട്ടില്ല. എല്ലാ മുസ്ലീങ്ങളും അറിഞ്ഞിരിക്കേണ്ട വളരെ പ്രധാനപ്പെട്ട ഒരു കാര്യമാണ് തന്റെ അനുയായിആയ ഒരു പ്രവാചകന്റെ വരവിനെക്കുറിച്ച് പരിശുദ്ധ പ്രവാചകൻ പ്രഖ്യാപിച്ചത് എന്തുകൊണ്ടാണ് ? **“ഇമാമുക്കും മിൻകും”** നിങ്ങളിൽ നിന്നുള്ള നിങ്ങളുടെ ഇമാം ! ഈ പണ്ഡിതൻമാർക്ക് ഇത് എങ്ങനെയാണ് അവഗണിക്കുവാൻ കഴിയുന്നത് ? പ്രവാചകത്വം ഇസ്ലാമിൽ നിർത്തലാക്കിയിരിക്കുന്നു എന്ന് എന്തുകൊണ്ടാണവർ പറയുന്നത് ! ഇത്തരം തെറ്റായ വാദമുഖങ്ങളിലൂടെ അവർ മുസ്ലീങ്ങളെ ജൂദന്മാരുടെ നിലവാരത്തിലേക്ക് തള്ളിവിടുകയാണ് ചെയ്യുന്നത്. അവർ ജൂതന്മാർ അല്ലാഹുവിന്റെ ക്രോധത്തിന് പാത്രമായി! പ്രവാചകത്വപദവി നഷ്ടപ്പെട്ടവരായി തീരുകയും ചെയ്തു. എന്നാൽ മറിച്ച് മുസ്ലീങ്ങൾ ഹസ്രത് മുഹമ്മദ് (സ) യിൽ നിന്ന് പ്രതിഫലം നേടുന്ന സംഘമായി തീർന്നു. ശാപത്തിന് പാത്രമായവരുടെ ഗണത്തിലുമായില്ല; വഴിപിഴച്ചവരുടെ മാർഗ്ഗത്തിലുമായില്ല. ജൂതന്മാരെപോലെ ദൈവീക ശിക്ഷയുടെ സ്വാധീനത്തിൻ കീഴിലായതുമില്ല. മുസ്ലീങ്ങൾ അവരിൽ നിന്നും പ്രവാചകൻമാരെ നിയോഗിക്കുന്നത് കണ്ടുകൊണ്ടിരിക്കുന്നു. ഈ അനുഗ്രഹം കാത്തുസൂക്ഷിക്കുവാൻ അല്ലാഹു (ത) ഒരു പ്രാർത്ഥന പഠിപ്പിക്കുന്നു. നമുക്കിത് സൂറഃഅൽഫാത്തിഹായിൽ കാണാവുന്നതാണ്. വിശുദ്ധ ഖുർആനിലെ ഒന്നാം അധ്യായം ശ്രദ്ധാപൂർവ്വം നിങ്ങൾ വായിക്കുക. ഇതേ വിഷയം ഇതിൽ പരാമർശിച്ചിരിക്കുന്നതായി കാണാവുന്നതാണ്. അല്ലാഹു (ത) രണ്ട് വിഭാഗങ്ങളെക്കുറിച്ച് പരാമർശിക്കുന്നു. അവർ ദൈവത്തിന്റെ അനുഗ്രഹം നഷ്ടപ്പെട്ടവരാണ്. ജൂതന്മാരും ക്രിസ്ത്യാനി

കളും ഇത് പഠിപ്പിക്കുന്നത് മുസ്ലീങ്ങൾ ശപിക്കപ്പെട്ടവരും വഴിപിഴച്ചവരും ആയി തീരരുത് എന്ന പാഠമാണ്. അതുപോലെ ദൈവീക അനുഗ്രഹം ലഭ്യമാകുന്ന പാതയിലൂടെ സഞ്ചരിക്കുവാനുമാണ്. അല്ലാഹു (ത) മുസ്ലീങ്ങളെ പ്രാർത്ഥിക്കുവാൻ പഠിപ്പിക്കുന്നു. **" നേർപാതയിൽ നീ ഞങ്ങളെ നയിക്കേണമേ! നീ അനുഗ്രഹങ്ങൾ ചൊരിഞ്ഞവരുടെ പാതയിൽ! നിന്റെ കോപത്തിന് പാത്രമായവരുടെയോ വഴിപിഴച്ചവരുടെയോ പാതയിലല്ല"** (1:6 - 7) പ്രവാചകത്വം അല്ലാഹു (ത) അവസാനിപ്പിച്ചുവോ ? എന്നാൽ പിന്നെ എന്തിനാണ് അത് നേടുന്നതിനായി പ്രാർത്ഥിക്കുവാൻ പഠിപ്പിച്ചത് ? അല്ലാഹു (ത) വാഗ്ദാനം ചെയ്തത് ഇബ്രാഹീം നബി (അ) നോടാണ് അദ്ദേഹത്തിലൂടെ, ഇസ്രായേലുകാരിലേക്കും, എന്നാൽ അവർ ദുർവൃത്തരായപ്പോൾ, പകരം അവരെക്കാൾ മെച്ചപ്പെട്ടവരിലേക്ക് മാറ്റി, ഇസ്മായീൽ സന്തതികളിലേക്ക് അവരെ മാറ്റി പിന്നാർക്കാണ് ? ഈ അനുഗ്രഹം നൽകേണ്ടത് ? ദൈവം ഇബ്രാഹീം നബി (അ) നോട് ചെയ്ത വാഗ്ദാനം ഇല്ലാതാക്കിയെന്നും എങ്ങും എഴുതപ്പെട്ടിട്ടില്ല. അല്ലെങ്കിൽ ഇബ്രാഹീം നബി (അ) യുടെ സന്താന പരമ്പര പൂർണ്ണമായും ദുർവൃത്തരായി എന്നും രേഖയില്ല. ഇബ്രാഹീം നബി (അ) യുടെ സന്താനപരമ്പര പൂർണ്ണമായും ദുർവൃത്തരാകുന്ന സമയത്ത് ദൈവീക കരാർ പിൻവലിക്കാവുന്നതാണ്. അല്ലെങ്കിൽ അവന് സ്വയം ഈ കരാർ ഇനിമുതൽ പ്രാബല്യത്തിലില്ലാ എന്ന് പ്രഖ്യാപിക്കാവുന്നതുമാണ്. എന്നാൽ നാളിതുവരെയും, അല്ലാഹു (ത) ചെയ്ത തന്റെ വാഗ്ദാനത്തിന് അന്ത്യം കുറിച്ചിട്ടില്ലാ എന്നത് നാം പ്രത്യേകം ഓർക്കേണ്ടതാണ്. എന്നാൽ അല്ലാഹു (ത) യുടെ വാഗ്ദാനം ഇബ്രാഹീം നബി (അ) ന്റെ സന്താന പരമ്പര ഉള്ളടത്തോളം, അവർ ദുർവൃത്തരായി തീരാത്തടത്തോളം കാലം പ്രവാചകത്വം തുടരുന്നതാണ്. ഇബ്രാഹീം നബി (അ) യുടെ സന്താന പരമ്പര വളരെ വലുതാണ്. അത് അന്ത്യദിനം വരെ തുടരുന്നതാണ്. ജൂതന്മാരിലും ക്രിസ്ത്യാനികളിലും സംഭവിച്ചത് പോലെ ഈ പരമ്പര ദുർവൃത്തരാകുക എന്നത് മാത്രമാണ് പ്രവാചകത്വം തുടരാതിരിക്കുവാനുള്ള ഒരേയൊരു കാരണം. എന്നാൽ അല്ലാഹു (ത) ഒരു പ്രാർത്ഥന സുറഃ അൽഫാത്തിഹായിൽ പഠിപ്പിച്ചു. നീ അനുഗ്രഹം ചെയ്തവരുടെ പാതയിൽ നയിക്കേണമേ ! (അല്ലാഹുവിൽ നിന്ന് അനുഗ്രഹം ലഭിച്ചവരുടെ പാതയിൽ) അതായത് ഇബ്രാഹീം നബി (അ) യുടെ സന്താനപരമ്പരയിൽ ഒരു വിഭാഗം, അവർ എപ്പോഴും നന്മയിൽ നിലകൊള്ളുന്നവരായിരിക്കും, രണ്ടാമത്, ഒരു വിഭാഗം പ്രവാചകത്വം പൂർണ്ണമായും നിലച്ചിരിക്കുന്നു എന്ന് വാദിക്കുന്നവർ, അവരെപ്പറ്റി പറയാവുന്നത് അവർ ദുർവൃത്തരായിക്കുന്നു എന്നുമാണ്.

ആയതിനാൽ, ജമാഅത്തുസ്സഹീഹിൽ ഇസ്ലാമിലെ മുസ്ലീങ്ങൾ, അവരുടെ വിശ്വാസങ്ങളാൽ, ഇബ്രാഹീം നബി (അ) ന്റെ സന്താനപരമ്പരകളിൽപ്പെട്ടവരാണ്. എന്നാൽ ഇസ്ലാമിലെ വിവിധ വിഭാഗങ്ങളിലെ ഉലമാക്കളെ സംബന്ധിച്ചിടത്തോളം, അവർ എവിടെയാണ് ? അവർ അവരുടെ കണ്ണുകൾ തുറക്കേണ്ടതാണ്. അവരുടെ അവസ്ഥ അവർ മനസ്സിലാക്കേണ്ടതാണ്. സൂറ അൽഫാത്തിഹായിൽ പഠിപ്പിച്ച പ്രാർത്ഥന പ്രവചനപരമാണ്. അതുപോലൊന്നു പരിശുദ്ധ പ്രവാചകൻ മുഹമ്മദ് (സ) നമ്മളെ പഠിപ്പിച്ചിട്ടുണ്ട്. ആ പ്രാർത്ഥന ഇപ്രകാരമാണ്. ദറൂദ് ഇബ്രാഹീം എന്നറിയപ്പെടുന്നു. "അല്ലാഹുവെ! മുഹമ്മദ് നബി (സ) നും അദ്ദേഹത്തിന്റെ കുടുംബത്തിനും നിന്റെ അനുഗ്രഹങ്ങൾ ചൊരിയേണമേ ! ഇബ്രാഹീം നബി (അ) നും അദ്ദേഹത്തിന്റെ കുടുംബത്തിനും നീ അനുഗ്രഹങ്ങൾ ചൊരിഞ്ഞതുപോലെ ! നിശ്ചയം ! നീ മഹത്വമുടയവനും സ്തുത്യർഹനുമാണ് അല്ലാഹുവേ ! മുഹമ്മദ് നബി (സ) നും അദ്ദേഹത്തിന്റെ കുടുംബത്തിനും, ഇബ്രാഹീംനബി (അ) നും കുടുംബത്തിനും അനുഗ്രഹം ചെയ്തതുപോലെ ചെയ്യേണമേ ! നിശ്ചയം നീ മഹത്വമുടയവനുമാണ്" ബുഖാരി.

എന്തെല്ലാം അനുഗ്രഹങ്ങളാണ് ഇബ്രാഹീം നബി (അ) നും കുടുംബത്തിനും ലഭ്യമായത് ? ഭൗതിക വീക്ഷണത്തിൽ രാജാധികാരമായിരുന്നില്ലേ ? ആത്മീയ വിക്ഷണത്തിൽ പ്രവാചകത്വവും ആയിരുന്നില്ലേ ? ഇതേ അനുഗ്രഹമാണ് മുഹമ്മദ് നബി (സ)യും അദ്ദേഹത്തിന്റെ സമുദായവും അല്ലാഹുവിനോട് ദറൂദിലൂടെ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. അത്ഭുതകരം തന്നെ മൗലവിമാർ ഒരു വശത്ത് പ്രവാചകത്വം നിർത്തൽ ചെയ്തിരിക്കുന്നു; മറുവശത്ത് അവർ പ്രവാചകത്വത്തിനായി പ്രാർത്ഥന നടത്തുന്നു. അവരോ പ്രവാചകത്വം ദൂരെ എറിയുവാൻ കഠിനാധ്വാനം ചെയ്യുകയും ചെയ്യുന്നു. അവർ ജനങ്ങളെ ചതിക്കുകയാണ്. മൗലവിമാർക്ക് നിലനിൽപ്പില്ല, അല്ലാഹു (ത) അവന്റെ ദൂതനെ തെരഞ്ഞെടുക്കുമ്പോൾ, അഥവാ ഖലീഫത്തുല്ലാഹ്‌യെ നിയോഗിക്കുമ്പോൾ, അതെ അദ്ദേഹത്തെ പരിശുദ്ധ വചനവുമായി / ദൈവീക വെളിപാടുമായി നിയോഗിക്കുമ്പോൾ അതവർക്കുള്ളതല്ലതാനും. ദൈവം തെരഞ്ഞെടുത്ത ആളിന്റെ ഉത്തരവാദിത്വത്തിൽ പെടുന്നതല്ല. അദ്ദേഹത്തിന്റെ വിധി എന്താകുമെന്നുള്ളത് ? ജനങ്ങളുടെയും പണ്ഡിതൻമാരുടെയും കഴിവിൽപ്പെട്ടതല്ല അല്ലാഹു തയ്യാറാക്കിയ പദ്ധതിയെ ഇല്ലാതാക്കുക എന്നതും അല്ലാഹു (ത) അവനുദ്ദേശിക്കുന്നവർക്ക് രാജാധികാരം നൽകുന്നു. അവനുദ്ദേശിക്കുന്നവനെ അവൻ പ്രവാചകനാക്കുന്നു. **"തന്റെ ദൗത്യം എവിടെയാണ് നടപ്പിൽ വരുത്തേണ്ടതെന്ന് അല്ലാഹു ഏറ്റവും നന്നായി അറിയുന്നവനാണ്"** (6:125)

ചിന്തിക്കേണ്ട മറ്റൊരു കാര്യം മുസ്ലീങ്ങൾ പരിശ്രമം തുടർന്നുകൊണ്ടിരിക്കുന്നു. ഭൂമിയിലെ ഭരണാധികാരം പിടിയിലൊതുക്കുവാൻ ! അവർക്കത് ലഭിക്കാതെ വരുമ്പോൾ, അവർ നിരാശരായി തീരുന്നു. എന്നാൽ ഇഹലോകത്തിലെ ഭരണാധികാരം വെറും താത്ക്കാലികം മാത്രമാണ്; നമുക്കത് ഇല്ലെങ്കിൽ പോലും, അതൊരു കാര്യമല്ല. എന്നാൽ നമുക്ക് ആത്മീയാനുഗ്രഹങ്ങൾ ലഭ്യമായില്ലെങ്കിൽ, നമ്മുടെ ഭാവി അപകടത്തിലാകും. കാരണം തെറ്റുകൾ നമ്മെ നാശത്തിലേക്ക് നയിക്കും തുടർന്ന് നരകത്തിലേക്കും. അതുകൊണ്ട് തെറ്റുകൾ തിരുത്തുവാൻ ഒരു പ്രവാചകൻ വരുകയാണെങ്കിൽ, ലോകത്തെ ശരിയായ പാതയിൽ മടക്കിക്കൊണ്ട് വരുവാൻ, അതാണ് നിശ്ചയമായും ജീവിതത്തിന്റെ യഥാർത്ഥ ലക്ഷ്യം. അങ്ങനെയായാൽ മാനവൻ ഈ ലോകത്തും നാളെ പരലോകത്തും വിജയിക്കുക തന്നെ ചെയ്യും. ഇബ്രാഹീം നബീ (അ) യുടെ കുടുംബത്തിൽ പ്രവാചകത്വം തുടർന്നു കൊണ്ടിരിക്കുന്നതാണ് എന്ന വാഗ്ദാനം, അദ്ദേഹത്തിന്റെ സന്താന പരമ്പരയാൽ മുഴുലോകവും അനുഗ്രഹീതമാകും. അതുപോലെ പ്രാർത്ഥനയാൽ അല്ലാഹു നമ്മെ പഠിപ്പിച്ചിരിക്കുന്നു പ്രവാചകത്വം ലഭ്യമാകുമെന്നും ! ഇവയെല്ലാം ദൈവീക പദ്ധതിയാണ്. ആയതിനാൽ നല്ലവരായ ദൈവത്തിന്റെ സൃഷ്ടികൾ സാത്താന്റെ പിടിയിൽ നിന്നും രക്ഷപ്പെടേണ്ടതാണ്. അവർ അല്ലാഹുവിന്റെ അനുഗ്രഹങ്ങൾക്ക് പരലോകത്തും അനന്തരാവകാശികളാകുന്നതാണ്. അവർ അല്ലാഹുവിന്റെ തൃപ്തി ഇരുലോകത്തും കരസ്ഥമാക്കുന്നതാണ്. ഇതിന്റെ കാരണം അല്ലാഹു (ത) മാറ്റമില്ലാത്ത നിയമം സ്ഥാപിച്ചിരിക്കുകയാണ്. ലോകാവസാനത്തിന് മുമ്പ് ദൈവീക ശിക്ഷ ഭൂമിയിലെ എല്ലാ രാജ്യങ്ങളിലും സംഭവിക്കുന്നതാണ്. **"പുനരുത്ഥാന നാളിനു മുമ്പ് നാം നശിപ്പിക്കുകയോ കഠിനമായി ശിക്ഷിക്കുകയോ ചെയ്യാത്ത ഒരു രാജ്യവുമില്ല. ഇത് (മാറ്റമില്ലാത്ത ദൈവീക നിയമത്തിൽ) എഴുതപ്പെട്ടതാണ്"** (17:59) ഈ വചനത്തിൽ നിന്ന് രണ്ട് കാര്യങ്ങൾ വ്യക്തമാണ്. ഒന്ന് നേർവഴി കണ്ടെത്തിയ ശേഷം വഴിതെറ്റുക എന്നത് മനുഷ്യന്റെ സ്വഭാവത്തിൽപ്പെടുന്നതാണ്. ലോകാവസാനം വരെയും അത് തുടരുകയും ചെയ്യും. സാത്താൻ, അവന്റെ പ്രതിജ്ഞ അനുസരിച്ച് മനുഷ്യനെ നേർവഴിയിൽ നിന്ന് തെറ്റിക്കുവാൻ സദാ ശ്രമിക്കുന്നതാണ്. ഒരു പരിധിവരെ അവനതിൽ വിജയിക്കുകയും ചെയ്യുന്നതാണ്. രണ്ട് : അല്ലാഹു (ത) അതിശക്തമായ ശിക്ഷ ഇറക്കുന്നതാണ്. മനുഷ്യനെ അവരുടെ വലിയ തെറ്റുകളിൽ നിന്ന് രക്ഷിക്കുവാൻ. ഈ രണ്ട് കാര്യങ്ങളും അന്ത്യദിനം വരെ തുടരുന്നതാണ്. ആരൊക്കെ വാദിച്ചാലും ശരി, വിശുദ്ധ ഖുർആന്റെയും വിശുദ്ധ പ്രവാചകരുടെയും വരവിന് ശേഷം ജനങ്ങൾ വഴികേടിലാകരുത് എന്ന് പറയുന്നത് തെറ്റാണ്. അല്ലാഹു (ത) മാപ്പ് ചെയ്യുന്നവനാണ് ; ഔദാര്യവാനാണ്. അവനൊരിക്കലും തന്റെ സൃഷ്ടികളോട് ഏകാധിപതിയെപോലെ ക്രൂരനായി പെരുമാറുകയില്ല. എവിടെ ശക്തമായ ശിക്ഷയെപ്പറ്റി അവൻ മുന്നറിയിപ്പു നൽകിയിട്ടുണ്ടോ, അത് എല്ലാ നഗരങ്ങളിലും സംഭവിക്കുക തന്നെ ചെയ്യും. അവൻ വീണ്ടും പറയുന്നു ഒരു ദൂതനെ അയയ്ക്കുന്നതു വരെ നാം ശിക്ഷിക്കാറില്ല. (17:16) ശിക്ഷയ്ക്കുമുമ്പ് പ്രവാചകൻ വരുക എന്നത് നിർബന്ധമാണ്. ശ്രദ്ധയില്ലായ്മയിൽ ജനങ്ങൾ വിഹരിക്കാതിരിക്കുവാൻ. ഈ ശിക്ഷ സമാഗതമാകുമ്പോൾ പ്രവാചകനിൽ വിശ്വസിച്ചവരും, നേർപാത സ്വീകരിച്ചവരും, രക്ഷപ്പെടുന്നതാണ്. മറ്റുള്ളവർ നാശമടയുകയും ചെയ്യുന്നതാണ്. അവരുടെ സംഘബലത്തിലും ധനത്തിലും അഹങ്കരിച്ചിരുന്നവരാണവർ. പ്രവാചകനെ എതിർത്തവരും തെറ്റുകളിൽ പശ്ചാത്തപിക്കുവാൻ തയ്യാറാകത്തവരും, ആവർത്തിച്ച് അപകടകരമായ സാഹചര്യത്തെക്കുറിച്ച് മുന്നയറിയിപ്പ് നൽകിയിട്ടും ഗൗനിക്കാത്തവരുമാണവർ ! നമ്മെ എല്ലാവരെയും അല്ലാഹു (ത) നേർവഴിയിൽ നടത്തട്ടെ ! അല്ലാഹു (ത) അനുഗ്രഹിച്ചവരുടെ പാതയിൽ ! ആമീൻ.

Translated & Issued By

**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
Ph: 9447001832 / 0475 2220223 / 8547299180
email : jamal.raother@gmail.com
www.jamaat-Ul-Sahih-Al-Islam.com